## 531

ആണികളേറ്റ പാണികളാലേ
അനുദിനമവനെന്നെ നടത്തിടുന്നു

1 ജീവിതഭാരച്ചുമടുകളാകെ അവൻ ചുമന്നെന്നെ പുലർത്തിടുന്നു
ആകയാലാകുലമിന്നെനിക്കില്ല ആനന്ദമായോരു ജീവിതമാം-

2 അറിഞ്ഞവനെന്നെ കരുതിടുമെന്നും
അരുമയിൽ കാത്തിടും ചിറകടിയിൽ
പാരിലെൻ ജീവിതയാത്രയിലെന്നെ പിരിയാതെ കൂടെ വരുന്നവനാം-

3 ഏതൊരു നാളും യേശു എന്നിടയൻ എനിക്കൊരു കുറവും വരികയില്ല
അനുഗ്രഹമാണെന്റെ ജീവിതമിന്ന് അനുഭവിച്ചറിയുന്നു ഞാനവനെ

4 ഉലകിലെല്ലാരും പ്രതികൂലമായാലും ഉലയുകയില്ല ഞാൻ പതറുകില്ല
ഉയിരുള്ള നാളെല്ലാം ഞാനവന്നായി
ഉണർന്നു വിശ്വാസത്തിൻ വേലചെയ്യും-

**C.J.**